## XIII. റൂളിംഗ്

### ബഡ്ജററിൽ കടന്നുകൂടിയ തെററുകഠം സംബന്ധിച്ച്

മി. സ്പീക്കർ: ബഡ്ജററ് അവതരിപ്പിച്ചതിനുശേഷം സ്പീക്കർ നിശ്ചയിക്കുന്ന തീയതിക്കും അദ്ദേഹം ഈ കാര്യത്തിന് അനുവദിക്കുന്നത്ര സമയത്തേക്കും മുഴുവനായോ അതിലടങ്ങിയിരിക്കുന്ന തത്വങ്ങളെപ്പററിയോ പൊതുചർച്ച നടത്താൻ സഭയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നാണ് റൂഠം 141 (1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബഡ്ജററ് ഇടക്കാല ബഡ്ജററോ ഫുഠം ബഡ്ജററോ എന്തായിരുന്നാലും ആ വ്യവസ്ഥപ്രകാരം സഭയ്ക്ക് ചർച്ച ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരുതരത്തിൽ ഇത് സഭയുടെ അവകാശവുമാണ്. മുൻവർഷത്തെ ആക്ചൽസും തൻവർഷത്തെ പുതുക്കിയ കണക്കും വരുംവർഷത്തെ ബഡ്ജററ് നിർദ്ദേശങ്ങളുമാണ് ബഡ്ജററ് രേഖകളുടെ ഉള്ളടക്കം. ആ നിലയിൽ ഏത് സഭയിലാണോ ബഡ്ജററ് അവതരിപ്പിച്ചത് ആ സഭയ്ക്ക് ബഡ്ജററിനെ വിലയിരുത്താനും വിമർശിക്കാനും സൗകര്യം നൽകേണ്ടത് സാമാന്യനീതി മാത്രമാണ്. വരുംവർഷത്തെ ബഡ്ജററ് നിർദ്ദേശങ്ങളെ പരാമർശിച്ചില്ലെങ്കിൽപ്പോലും തൻവർഷത്തെ ഗവൺമെൻറിൻെറ സാമ്പത്തിക പ്രവർത്തനങ്ങളെ വിലയിരുത്താനുള്ള അംഗങ്ങളുടെ അവകാശം നിഷേധിക്കുന്നത് യുക്തിസഹമല്ല. അതുകൊണ്ടാണ് സഭയുടെ കാലാവധി തീരാറായി എന്ന വസ്തുത നിലനിൽക്കെ ബഡ്ജററിൻെറ പൊതുചർച്ചയ്ക്ക് ചെയർ സമയം അനുവദിച്ചത്.

ബഡ്ജററിൻെറ പൊതുചർച്ച അവസാനിക്കുമ്പോഠം ധനാഭ്യർത്ഥനകഠം അനുയോജ്യമായ സബ്ജക്ററ് കമ്മിററിക്ക് അയയ്ക്കപ്പെടുമെന്ന് റൂഠം 142-ഉം സബ്ജക്ററ് കമ്മിററികഠം നാല് ആഴ്ചകഠക്കകം അവയുടെ പരിശോധന പൂർത്തിയാക്കേണ്ടതാണെന്ന് റൂഠം 236 (2)-ഉം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് കാലാവധി തികച്ചു പിരിഞ്ഞുപോകുന്ന സഭ വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി ഈ റൂഠം സസ്പെൻഡു ചെയ്യുകയാണ് വേണ്ടത്. അങ്ങനെ കീഴ്വഴക്കവുമുണ്ട്. അതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. ബഡ്ജററിലെ കണക്കിലും രേഖകളിലും തെററോ പൊരുത്തക്കേടോ കടന്നുകൂടുന്നത് ആശാസ്യമല്ല, അത് ഗൗരവതരമായിത്തന്നെ കരുതപ്പെടേണ്ടതാണ്. ഈ മാതിരി തെററുകഠം ബഡ്ജററ് രേഖകളിൽ കടന്നുകൂടാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്. അക്കാര്യത്തിൽ ഗവൺമെൻറ് നിർദ്ദേശം ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ബഡ്ജററുരേഖകളിൽ ചൂണ്ടി കാണിക്കപ്പെടുന്ന തെററുകഠം കടന്നുകൂടിയിട്ടുള്ളപക്ഷം അത് ഈ സമ്മേളനത്തിൽ തന്നെ തിരുത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുന്നു.

ക്രമപ്രശ്നം തള്ളുന്നു.

## XIV. ധനകാര്യം

### 1996_97 സാമ്പത്തികവർഷത്തെ ഇടക്കാല ബഡ്ജററിനെപ്പററിയുള്ള പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, തെരഞ്ഞെടുപ്പിൻെറ വക്കിൽ നിൽക്കുന്ന സംസ്ഥാനത്തിൻെറ ബഡ്ജററ് ജനാധിപത്യമൂല്യങ്ങഠം മുഴുവൻ കാത്തുസൂക്ഷിച്ചുകൊണ്ട്, ആകർഷണ

LIBRARY ARCHIVES Kerala Legislative Assembly